## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2605** **13-02-2024 - ൽ മറുപടിയ്ക്ക്**

### ക്ഷേമ പെൻഷനുകളിലെ കുടിശ്ശിക തീർക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2011 -2016 കാലത്തെ സർക്കാരിന്റെ കാലത്ത് എത്ര പേർക്കാണ് ക്ഷേമ പെൻഷനുകൾ നൽകി വന്നിരുന്നത്; ഓരോ തരം പെൻഷനും എന്ത് തുക വീതമായിരുന്നു; ഇക്കാലത്ത് ഏതൊക്കെ ക്ഷേമ പെൻഷനുകൾ ആണ് കുടിശ്ശികയായത്; എത്ര മാസം കുടിശ്ശികയാണ് ഉണ്ടായത്; വിശദമാക്കാമോ; | (എ) | 2011-16-ലെ സർക്കാരിന്റെ കാലത്ത് തദ്ദേശ സ്വയംഭരണ സർക്കാർ വഴി നടപ്പിലാക്കിയിരിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകളായ കർഷക തൊഴിലാളി പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ എന്നിവയിൽ 34,43,414 ഗുണഭോക്താക്കളും വിവിധ ക്ഷേമനിധി ബോർഡുകളിലായി 8,67,110 പെൻഷൻ ഗുണഭോക്താക്കളുമാണ് ഉണ്ടായിരുന്നത്. ഓരോ തരം പെൻഷനും അനുവദിച്ചിരുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| നം. | പെൻഷൻ ഇനം | **പെൻഷൻ ഉപ വിഭാഗം** | **തുക (രൂപ** |
|---|---|---|---|
| 1 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | പ്രായം 75 വയസ്സിന് മുകളിൽ | 1500 |
| | | പ്രായം 75 വയസ്സ് വരെ | 600 |
| 2. | ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം | 80 ശതമാനവും അതിനു മുകളിലും വൈകല്യമുള്ളവർ | 1100 |
| | | 80 ശതമാനത്തിനു താഴെ വൈകല്യമുള്ളവർ | 800 |
| 3. | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ സ്കീം | | 800 |
| 4. | കർഷക തൊഴിലാളി പെൻഷൻ | | |

| | | | |
|---|---|---|---|
| | | | 600 |
| 5. | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | | 800 |

സി&എജി നടത്തിയ 2011- 12 മുതൽ 2014- 15 വരയുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ നടത്തിപ്പിന്റെ കാര്യക്ഷമത ഓഡിറ്റ് റിപ്പോർട്ട് അനുസരിച്ച് പ്രസ്തുത കാലഘട്ടത്തിൽ പെൻഷൻ വിതരണം തടസ്സപ്പെട്ടിരുന്നുവെന്നും വിതരണത്തിന് മേൽനോട്ട സംവിധാനം ഇല്ലായിരുന്നു എന്നുമുള്ള ഗൗരവതരമായ കണ്ടെത്തലുകളുണ്ട്. കുടിശ്ശികയുടെ കാലയളവ് വ്യത്യസ്ത ഗുണഭോക്താക്കൾക്ക് വ്യത്യസ്ത രീതിയിലായതിനാൽ ആകെ കുടിശ്ശികയുടെ കാലയളവ് സംബന്ധിച്ച് ഒരു തീരുമാനത്തിലെത്തുകയെന്നത് വളരെയധികം പ്രയാസം സൃഷ്ടിച്ചിരുന്നുവെന്ന് ഇൻഫർമേഷൻ കേരള മിഷൻ 2016 ൽ സർക്കാരിനെ അറിയിക്കുകയും എന്നിരുന്നാലും നിരാലംബരായ ജനങ്ങൾക്ക് കുടിശ്ശിക താമസംവിനാ ലഭ്യമാക്കുകയെന്ന ഉദ്ദേശത്തോടെ 18.08.2016ലെ സ.ഉ (സാധാ) നം. 6818/2016 പ്രകാരം, ഒരു ഗുണഭോക്താവിന് കുടിശ്ശിക തുകയുൾപ്പടെ പരമാവധി 15000/- രൂപയിൽ പരിമിതപ്പെടുത്തി ലഭ്യമാക്കുക എന്ന നിർദ്ദേശത്തോടെ, കുടിശ്ശികയനുവദിച്ചത്. സാമൂഹ്യ സുരക്ഷാപെൻഷനുകൾ അക്കാലത്ത് ഏകീകരിച്ച നിരക്കിലായിരുന്നില്ല വിതരണം ചെയ്തിരുന്നത്. വ്യത്യസ്ത പെൻഷനുകൾക്ക് വിവിധ നിരക്കുകൾ ആയിരുന്നു. 2014- 15 കാലയളവിൽ വളരെ കുറച്ച് ഗുണഭോക്താക്കൾ മാത്രം വരുന്ന ഗ്രൂപ്പ് ആയ 80 വയസ്സിനുമേൽ പ്രായമുള്ളവർക്കുള്ള വാർദ്ധക്യകാല പെൻഷൻ മാത്രമാണ് 1200/- രൂപ നിരക്കിൽ നൽകിയിരുന്നത്. എന്നാൽ അതിനു താഴെ പ്രായമുള്ള മഹാഭൂരിപക്ഷം ഗുണഭോക്താക്കൾക്കും 600/- രൂപ മാത്രമായിരുന്നു പ്രതിമാസ നിരക്ക്. അതുപോലെ ശാരീരിക വൈകല്യം 80%-ൽ കൂടുതൽ വരുന്ന ഭിന്നശേഷിക്കാർക്ക് മാത്രം നിരക്ക് 1100/- രൂപ ആക്കിയപ്പോൾ അതിനു താഴെയുള്ള മഹാഭൂരിപക്ഷം പേർക്കും നിരക്ക് 800/- രൂപാ മാത്രമായിരുന്നു. കൂടാതെ അക്കാലത്ത് കർഷക തൊഴിലാളി പെൻഷൻ 600/- രൂപയും അവിവാഹിത പെൻഷനും വിധവാ പെൻഷനും 800/- രൂപയും മാത്രമായിരുന്നു.

18.08.2016ലെ സ.ഉ(സാധാ) നം. 6818/2016 പ്രകാരം ഒരു ഗുണഭോക്താവിന് കുടിശ്ശിക തുകയുൾപ്പടെ പരമാവധി 15000/- രൂപ വരെ ലഭ്യമാക്കാം എന്ന ഉത്തരവ് അനുസരിച്ച് അന്ന് 600/- രൂപാ നിരക്കിൽ പെൻഷൻ വാങ്ങിയിരുന്നവരിൽ ബഹു ഭൂരിപക്ഷം പേർക്കും 25 തവണ സാമൂഹ്യ സുരക്ഷാ പെൻഷൻ മുടക്കമുണ്ടായിരുന്നിരിക്കണം (15000 / 600 ). 1200/- നിരക്കിൽ വാങ്ങിയിരുന്നവർക്ക് 12 തവണ, 1100/- വാങ്ങിയിരുന്നവർക്ക് 13 തവണ, 800/- വാങ്ങിയിരുന്നവർക്ക് 18 തവണ എന്നിങ്ങനെ കുടിശിക തീർക്കാനാണ് ഈ തുക തികയുക. അതായത് ചില ഗുണഭോക്താക്കൾക്ക് 18-ൽ കൂടുതൽ തവണകളും മറ്റുചിലർക്ക് അതിൽ കുറവും മുടക്കമുണ്ടായിരുന്നതായും അനുമാനിക്കാം. പ്രാദേശിക സർക്കാരുകൾ വഴി പെൻഷൻ വിതരണം ചെയ്തിരുന്ന അക്കാലത്ത്, മേൽനോട്ട സംവിധാനത്തിന്റെയും രേഖകളുടെയും അഭാവം ഉണ്ടായിരുന്നതാനാൽ (ഓഡിറ്റ് റിപ്പോർട്ടിൽ നിരീക്ഷിച്ചപോലെ) വ്യത്യസ്ത പ്രാദേശിക സർക്കാരുകളിലും വ്യത്യസ്ത ഗുണഭോക്താക്കൾക്കും വിഭിന്ന രീതിയിലാണ് കുടിശിക ഉണ്ടായിരുന്നത്. അതായത് ആകെ സങ്കീർണ്ണമായ അവസ്ഥയാണ് അന്ന് നിലനിന്നിരുന്നത്.

2016-ൽ അധികാരത്തിൽ വന്ന സർക്കാർ, ക്ഷേമ പെൻഷൻ കുടിശ്ശികയിനത്തിൽ 1473.67 കോടിയോളം രൂപ അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്.

(ബി) 2016-ൽ അധികാരത്തിൽ വന്ന സർക്കാർ, മുൻ സർക്കാരിന്റെ കാലത്ത് ഉണ്ടായ ക്ഷേമപെൻഷൻ കുടിശ്ശിക കൊടുത്ത് തീർക്കുന്നതിന് എന്ത് തുകയാണ് അനുവദിച്ചത്; എത്ര മാസത്തെ കുടിശ്ശിക തീർക്കുന്നതിനാണ് ഈ പണം അനുവദിച്ചത്; വ്യക്തമാക്കാമോ;

(ബി) 2011-16-ലെ സർക്കാരിന്റെ കാലത്ത് തദ്ദേശ സ്വയംഭരണ സർക്കാർ വഴി നടപ്പിലാക്കിയിരിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകളായ കർഷക തൊഴിലാളി പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ എന്നിവയിൽ 34,43,414 ഗുണഭോക്താക്കളും വിവിധ ക്ഷേമനിധി ബോർഡുകളിലായി 8,67,110 പെൻഷൻ ഗുണഭോക്താക്കളുമാണ് ഉണ്ടായിരുന്നത്. ഓരോ തരം പെൻഷനും അനുവദിച്ചിരുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **നം.** | പെൻഷൻ ഇനം | **പെൻഷൻ ഉപ വിഭാഗം** | **തുക (രൂപ** |
|---|---|---|---|
| 1 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | പ്രായം 75 വയസ്സിന് മുകളിൽ | 1500 |
| | | പ്രായം 75 വയസ്സ് വരെ | 600 |
| 2. | ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം | 80 ശതമാനവും അതിനു മുകളിലും വൈകല്യമുള്ളവർ | 1100 |
| | | 80 ശതമാനത്തിനു താഴെ വൈകല്യമുള്ളവർ | 800 |
| 3. | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ സ്കീം | | 800 |
| 4. | കർഷക തൊഴിലാളി പെൻഷൻ | | 600 |
| 5. | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | | 800 |

സി&എജി നടത്തിയ 2011- 12 മുതൽ 2014- 15 വരെയുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ നടത്തിപ്പിന്റെ കാര്യക്ഷമത ഓഡിറ്റ് റിപ്പോർട്ട് അനുസരിച്ച് പ്രസ്തുത കാലഘട്ടത്തിൽ പെൻഷൻ വിതരണം തടസ്സപ്പെട്ടിരുന്നുവെന്നും വിതരണത്തിന് മേൽനോട്ട സംവിധാനം ഇല്ലായിരുന്നു എന്നുമുള്ള ഗൗരവതരമായ കണ്ടെത്തലുകളുണ്ട്. കുടിശ്ശികയുടെ കാലയളവ് വ്യത്യസ്ത ഗുണഭോക്താക്കൾക്ക് വ്യത്യസ്ത രീതിയിലായതിനാൽ ആകെ കുടിശ്ശികയുടെ കാലയളവ് സംബന്ധിച്ച് ഒരു തീരുമാനത്തിലെത്തുകയെന്നത് വളരെയധികം പ്രയാസം സൃഷ്ടിച്ചിരുന്നുവെന്ന്

| | | | |
|---|---|---|---|
| | | | ഇൻഫർമേഷൻ കേരള മിഷൻ 2016 ൽ സർക്കാരിനെ അറിയിക്കുകയും എന്നിരുന്നാലും നിരാംലംബരായ ജനങ്ങൾക്ക് കുടിശ്ശിക താമസംവിനാ ലഭ്യമാക്കുകയെന്ന ഉദ്ദേശത്തോടെ 18.08.2016ലെ സ.ഉ (സാധാ) നം. 6818/2016 പ്രകാരം, ഒരു ഗുണഭോക്താവിന് കുടിശ്ശിക തുകയുൾപ്പടെ പരമാവധി 15000/- രൂപയിൽ പരിമിതപ്പെടുത്തി ലഭ്യമാക്കുക എന്ന നിർദ്ദേശത്തോടെ, കുടിശ്ശികയനുവദിച്ചത്. സാമൂഹ്യ സുരക്ഷാപെൻഷനുകൾ അക്കാലത്ത് ഏകീകരിച്ച നിരക്കിലായിരുന്നില്ല വിതരണം ചെയ്തിരുന്നത്. വ്യത്യസ്ത പെൻഷനുകൾക്ക് വിവിധ നിരക്കുകൾ ആയിരുന്നു. 2014- 15 കാലയളവിൽ വളരെ കുറച്ച് ഗുണഭോക്താക്കൾ മാത്രം വരുന്ന ഗ്രൂപ്പ് ആയ 80 വയസ്സിനുമേൽ പ്രായമുള്ളവർക്കുള്ള വാർദ്ധക്യകാല പെൻഷൻ മാത്രമാണ് 1200/- രൂപ നിരക്കിൽ നൽകിയിരുന്നത്. എന്നാൽ അതിനു താഴെ പ്രായമുള്ള മഹാഭൂരിപക്ഷം ഗുണഭോക്താക്കൾക്കും 600/- രൂപ മാത്രമായിരുന്നു പ്രതിമാസ നിരക്ക്. അതുപോലെ ശാരീരിക വൈകല്യം 80%-ൽ കൂടുതൽ വരുന്ന ഭിന്നശേഷിക്കാർക്ക് മാത്രം നിരക്ക് 1100/- രൂപ ആക്കിയപ്പോൾ അതിനു താഴെയുള്ള മഹാഭൂരിപക്ഷം പേർക്കും നിരക്ക് 800/- രൂപാ മാത്രമായിരുന്നു. കൂടാതെ അക്കാലത്ത് കർഷക തൊഴിലാളി പെൻഷൻ 600/- രൂപയും അവിവാഹിത പെൻഷനും വിധവാ പെൻഷനും 800/- രൂപയും മാത്രമായിരുന്നു.<br><br>18.08.2016ലെ സ.ഉ(സാധാ) നം. 6818/2016 പ്രകാരം ഒരു ഗുണഭോക്താവിന് കുടിശ്ശിക തുകയുൾപ്പടെ പരമാവധി 15000/- രൂപ വരെ ലഭ്യമാക്കാം എന്ന ഉത്തരവ് അനുസരിച്ച് അന്ന് 600/- രൂപാ നിരക്കിൽ പെൻഷൻ വാങ്ങിയിരുന്നവരിൽ ബഹു ഭൂരിപക്ഷം പേർക്കും 25 തവണ സാമൂഹ്യ സുരക്ഷാ പെൻഷൻ മുടക്കമുണ്ടായിരുന്നിരിക്കണം (15000 / 600 ). 1200/- നിരക്കിൽ വാങ്ങിയിരുന്നവർക്ക് 12 തവണ, 1100/- വാങ്ങിയിരുന്നവർക്ക് 13 തവണ, 800/- വാങ്ങിയിരുന്നവർക്ക് 18 തവണ എന്നിങ്ങനെ കുടിശിക തീർക്കാനാണ് ഈ തുക തികയുക. അതായത് ചില ഗുണഭോക്താക്കൾക്ക് 18-ൽ കൂടുതൽ തവണകളും മറ്റുചിലർക്ക് അതിൽ കുറവും മുടക്കമുണ്ടായിരുന്നതായും അനുമാനിക്കാം. പ്രാദേശിക സർക്കാരുകൾ വഴി പെൻഷൻ വിതരണം ചെയ്തിരുന്ന അക്കാലത്ത്, മേൽനോട്ട സംവിധാനത്തിന്റെയും രേഖകളുടെയും അഭാവം ഉണ്ടായിരുന്നതാനാൽ (ഓഡിറ്റ് റിപ്പോർട്ടിൽ നിരീക്ഷിച്ചപോലെ) വ്യത്യസ്ത പ്രാദേശിക സർക്കാരുകളിലും വ്യത്യസ്ത ഗുണഭോക്താക്കൾക്കും വിഭിന്ന രീതിയിലാണ് കുടിശിക ഉണ്ടായിരുന്നത്. അതായത് ആകെ സങ്കീർണ്ണമായ അവസ്ഥയാണ് അന്ന് നിലനിന്നിരുന്നത്.<br><br>2016-ൽ അധികാരത്തിൽ വന്ന സർക്കാർ, ക്ഷേമ പെൻഷൻ കുടിശ്ശികയിനത്തിൽ 1473.67 കോടിയോളം രൂപ അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | 2016 മുതൽ ക്ഷേമ പെൻഷൻ ഓരോന്നിലും ഗുണഭോക്താക്കളുടെ എണ്ണത്തിലും നൽകുന്ന തുകയിലും വന്ന വർദ്ധനവ് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (സി) | 2016 മുതൽ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ എണ്ണത്തിൽ വന്ന വർദ്ധനവ് അനുബന്ധം-1 ആയും ക്ഷേമപെൻഷൻ തുകയിലെ വർദ്ധനവ് അനുബന്ധം-2 ആയും ചേർക്കുന്നു. |
| (ഡി) | ഏതെല്ലാം ക്ഷേമ പെൻഷനുകളിൽ ആണ് കേന്ദ്ര സർക്കാർ | (ഡി) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ മൂന്നിനം സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കാണ് കേന്ദ്രസഹായം ലഭിക്കുന്നത്. കേന്ദ്ര വിഹിതത്തിന്റെ വിശദാംശങ്ങൾ അനുബന്ധം 3-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. |

വിഹിതമുള്ളത്; എത്ര തുക വീതമാണ് കേന്ദ്ര സർക്കാർ നൽകുന്നത്; വിശദവിവരം ലഭ്യമാക്കാമോ?

**അനുബന്ധം 3**

| **പെൻഷൻ ഇനം** | **പെൻഷൻ ഉപ വിഭാഗം** | **പ്രതിമാസ സംസ്ഥാന വിഹിതം (രൂപ)** | **പ്രതിമാസ കേന്ദ്ര വിഹിതം (രൂപ)** | **ആകെ (രൂപ)** |
|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | പ്രായം 60 മുതൽ 79 വയസ്സ് വരെ | 1400 | 200 | 1600 |
| | പ്രായം 80 വയസ്സും അതിനു മുകളിലും | 1100 | 500 | 1600 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | അംഗ പരിമിതി 80% ഉം അതിനു മുകളിലും (18 വയസ്സ് മുതൽ ) | 1300 | 300 | 1600 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 40 വയസ്സും അതിനു മുകളിലും | 1300 | 300 | 1600 |
| കർഷക തൊഴിലാളി പെൻഷൻ | | 1600 | 0 | 1600 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിത പെൻഷൻ | | 1600 | 0 | 1600 |

സെക്ഷൻ ഓഫീസർ

അനുബന്ധം -1

| **പെൻഷൻ ഇനം** | 2016 **മെയ് മുതൽ** | 2017 | 2018 | 2019 | 2020 | 2021 | 2022 | 2023 |
|---|---|---|---|---|---|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 489070 | 483218 | 476824 | 453025 | 436480 | 391794 | 360468 | 315087 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1808095 | 2084574 | 2230556 | 2377084 | 2576135 | 2734788 | 2838914 | 2588562 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 341537 | 357600 | 386987 | 397508 | 405162 | 399005 | 405461 | 357995 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 74860 | 77742 | 81036 | 82963 | 85056 | 85287 | 84982 | 76148 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 1187571 | 1237217 | 1291478 | 1326512 | 1357096 | 1346754 | 1350773 | 1173325 |
| **ആകെ** | **3901133** | **4240351** | **4466881** | **4637092** | **4859929** | **4957628** | **5040598** | **4511117** |

| വർഷം | അനുബന്ധം-2 ക്ഷേമപെൻഷൻ തുകയിലെ വർദ്ധനവ് | | | | | | |
|---|---|---|---|---|---|---|---|
| | കർഷക തൊഴിലാളി പെൻഷൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | | ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ | | ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻ |
| | | | 75 വയസ്സിൽ കൂടുതൽ | | അവശത 80% കൂടുതൽ | | |
| **2016** | 1000 | 600 | 1500 | 1000 | 1100 | 800 | 1000 |
| **2017** | 1100 | 1000 | 1500 | 1100 | 1100 | 1000 | 1100 |
| **2018** | 1200 | 1100 | 1500 | 1100 | 1300 | 1100 | 1200 |
| **2019** | 1300 | 1200 | 1500 | 1200 | 1300 | 1200 | 1300 |
| **2020** | 1400 | 1300 | 1500 | 1300 | 1300 | 1300 | 1400 |
| **2021** | 1500 | 1400 | 1500 | 1400 | 1400 | 1400 | 1500 |
| **2022** | 1600 | 1500 | 1500 | 1500 | 1500 | 1500 | 1600 |
| **2023** | 1600 | 1600 | 1600 | 1600 | 1600 | 1600 | 1600 |